## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 103 — 29/09/2016 ൽ മറുപടി

## സ്കൂളുകൾ സുരക്ഷിതമാക്കുക എന്ന ലക്ഷ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 'രാജ്യത്തെ സ്കൂളുകൾ സുരക്ഷിതമാക്കുക' എന്ന ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 2010 ൽ സുപ്രീംകോടതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണ്; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ WP(C)483/2004 നമ്പർ കേസിന്മേലുള്ള ബഹു. സുപ്രീംകോടതിയുടെ 13/04/2009 ലെ ഡിവിഷൻ ബഞ്ചിന്റെ ഉത്തരവ് പ്രകാരം ഓരോ സ്കൂളും 2005 ലെ നാഷണൽ ബിൽഡിംഗ് കോഡ് പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതോടൊപ്പം മിനിമം സുരക്ഷാ ക്രമീകരണങ്ങൾ കൂടി പാലിക്കേണ്ടതാകുന്നു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കൂടി ബഹു. സുപ്രീംകോടതി നൽകിയിട്ടുണ്ട്.<br><br>(i) സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് മുൻപ് ബന്ധപ്പെട്ട സർക്കാരുകളും കേന്ദ്രഭരണപ്രദേശങ്ങളും സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾ ഇന്ത്യയുടെ നാഷണൽ ബിൽഡിംഗ് കോഡ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഉറപ്പാക്കേണ്ടതുമാണ്.<br><br>(ii) നിലവിലുള്ള എല്ലാ സർക്കാർ/സ്വകാര്യ സ്കൂളുകളും ആറ് മാസത്തിനകം അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.<br><br>(iii) സ്കൂൾ കെട്ടിടങ്ങൾ പെട്ടെന്ന് തീപിടിക്കുവാൻ സാദ്ധ്യതയുള്ളതും വിഷലിപ്തവുമായ പദാർത്ഥങ്ങളിൽ നിന്നും വിമുക്തമാക്കേണ്ടതാണ്. അത്യാവശ്യ സന്ദർഭങ്ങളിൽ പ്രസ്തുത പദാർത്ഥങ്ങൾ അതീവ സുരക്ഷയോടെ സൂക്ഷിക്കേണ്ടതാകുന്നു.<br><br>(iv) നാഷണൽ ബിൽഡിംഗ് കോഡിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് ബന്ധപ്പെട്ട എഞ്ചിനീയർമാരും ഉദ്യോഗസ്ഥരും സ്കൂൾ കെട്ടിടത്തിന്റെ ഘടന കാലാകാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | വിലയിരുത്തേണ്ടതും കൃത്യമായ പരിശോധനയ്ക്ക് ശേഷം മാത്രം സുരക്ഷാപത്രം നൽകേണ്ടതുമാകുന്നു. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉടനെ തന്നെ അച്ചടക്ക നടപടിക്ക് വിധേയമാക്കാവുന്നതാണ്.<br>(v) അഗ്നിശമന ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പരിശീലനം സ്കൂളിലെ സ്റ്റാഫിനും ഇതര ഉദ്യാഗസ്ഥർക്കും നൽകേണ്ടതാണ്. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്നുറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിർദ്ദേശിക്കുകയും അവ പരിശോധിച്ച് ഉറപ്പാക്കുകയും ചെയ്യാറുണ്ട്. |
| (സി) | ഈ അദ്ധ്യയനവർഷം മുഖത്തല എം.ജി.ടി. എച്ച്.എസ്, പത്തനംതിട്ട മൗണ്ട് ബദനി ഇംഗ്ലീഷ് മീഡിയം സ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ കെട്ടിടം തകർന്നുണ്ടായ അപകടങ്ങളുടെ വെളിച്ചത്തിൽ സുരക്ഷിത വിദ്യാഭ്യാസം സംബന്ധിച്ച നിർദ്ദേശങ്ങൾ ശരിയായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സുരക്ഷിത വിദ്യാഭ്യാസം സംബന്ധിച്ച എല്ലാ നിർദ്ദേശങ്ങളും ശരിയായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Sheela H

സെക്ഷൻ ഓഫീസർ